**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 80** **07-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തബാധിതരുടെ പുനരധിവാസത്തിന് ടൗൺഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് ദുരന്തബാധിതരുടെ പുനരധിവാസത്തിന് ടൗൺഷിപ്പ് മാതൃക സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | മേപ്പാടി ചൂരൽമല ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി (Phase I) പുനരധിവസിപ്പിക്കുന്നതിനും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ ഉൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടമായി (Phase II) പുനരധിവസിപ്പിക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ കരട് പട്ടിക തയ്യാറാക്കാൻ വയനാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 04/10/2024ലെ സ.ഉ(കൈ)നം.11/2024/ഡിഎംഡി ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | കാർഷിക മേഖലയെ ആശ്രയിച്ച് ജീവിച്ചവർക്ക് കൃഷിക്കും ഉപജീവനത്തിനും എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ആലോചിക്കുന്നത്; വിശദമാക്കുമോ; | (ബി) | മേപ്പാടി പഞ്ചായത്തിലെ ദുരന്തത്തിൽ കൃഷിഭൂമി നഷ്ടപ്പെട്ട കർഷകർക്ക് ഹെക്ടറിന് 47000/-രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ, കൃഷി നാശത്തിന് എയിംസ് പോർട്ടൽ മുഖേന അപേക്ഷകൾ സ്വീകരിച്ച് നടപടികൾ തുടർന്ന് വരുന്നു. ദുരന്തബാധിത പ്രദേശത്തെ കർഷകർക്ക് പുനരുജ്ജീവനത്തിനും ഉപജീവന മാർഗം സൃഷ്ടിക്കുന്നതിനുമുള്ള പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | ദുരന്തബാധിതരുടെ എല്ലാ കടബാധ്യതകളും എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | വൈത്തിരി താലൂക്കുമായി ബന്ധപ്പെട്ട എല്ലാ ബാങ്ക് കുടിശ്ശികകൾക്കും മോറൊട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. ദുരന്ത ബാധിതരുടെ എല്ലാവിധ ലോണുകളും എഴുതിത്തള്ളണമെന്ന നിർദ്ദേശം സ്റ്റേറ്റ് ലെവൽ |

| | | | |
|---|---|---|---|
| | | | ബാങ്കേഴ്സ് സമിതി യോഗത്തിൽ സർക്കാർ മുന്നോട്ട് വച്ചിട്ടുണ്ട്. കേരള ബാങ്ക് ഉൾപ്പെടെയുള്ള ചില ബാങ്കുകൾ അനുകൂലമായ നിലപാടുകളുമായി മുന്നോട്ട് വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- വയനാട് വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി ഗ്രാമ പഞ്ചായത്തിൽ 30/07/2024 ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരായവരുടെ പുനരധിവാസത്തിന് മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നത് സംബന്ധിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ)വകുപ്പ്**

സ.ഉ.(കൈ) നം.11/2024/DMD തീയതി,തിരുവനന്തപുരം, 04-10-2024

---

പരാമർശം:- 1. സഉ(പി)നം.2/2024/ഡിഎംഡി തീയതി 09.08.2024

2. സഉ(സാധ) 590/2024/ഡിഎംഡി തീയതി 09.08.2024

**ഉത്തരവ്**

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവരുടെ പുനരധിവാസത്തിന് മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നത് സംബന്ധിച്ച് ചുവടെ കാണുന്ന പ്രകാരം ഉത്തരവാകുന്നു.

എ). മേപ്പാടി ചൂരൽമല ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുവാൻതത്വത്തിൽ അംഗീകാരം നല്കുന്നു.

ബി). ടൗൺഷിപ്പ് നിർമ്മിക്കുവാൻ ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള വൈത്തിരി താലൂക്കിലെ, കോട്ടപ്പടി വില്ലേജിലെ ബ്ലോക്ക് നം. 28, സർവ്വ നം. 366 ൽപ്പെട്ട നെടുമ്പാല എസ്റ്റേറ്റിലെ 65.41 ഹെക്ടർ ഭൂമിയും, വൈത്തിരി താലൂക്കിലെ, കൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് നം. 19, സർവ്വേ നം 88/1 ൽ പ്പെട്ട എൽസ്റ്റോൺ എസ്റ്റേറ്റിലെ 78.73 ഹെക്ടർ ഭൂമിയും അഡ്വക്കേറ്റ് ജനറലിന്റെ വിദഗ്ധോപദേശമനുസരിച്ച് ദുരന്ത നിവാരണ നിയമം 2005 പ്രകാരം posession ഏറ്റെടുക്കുന്നതിന് തത്ത്വത്തിൽ അനുമതി നൽകുന്നു.

സി). പരാമർശം(2) ഉത്തരവ് പ്രകാരം രൂപീകൃതമായ വിദഗ്ധ സമിതി ശിപാർശ ചെയ്തിട്ടുള്ള വാസയോഗ്യമായതും അല്ലാത്തതുമായ സ്ഥലങ്ങൾ (Go and No Go Zones) അംഗീകരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുനരധിവാസത്തിന് ആവശ്യമായി വരുന്ന ആകെ സ്ഥലം നിശ്ചയിക്കേണ്ടതാണ്.

ഡി). ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി (Phase I) പുനരധിവസിപ്പിക്കുന്നതിനും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ (No Go Zones) ഉൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടമായി (Phase II) പുനരധിവസിപ്പിക്കുന്നതിനും അനുമതി നല്കുന്നു.

ഇ) പുനരധിവാസ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ (Phase I and Phase II) ഉൾപ്പെടുന്ന

ഗുണഭോക്താക്കളുടെ കരട് പട്ടിക വയനാട് ജില്ലാ കളക്ടർ പ്രസിദ്ധീകരിക്കേണ്ടതാണ്. പട്ടിക അന്തിമമാക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ,ദുരന്ത നിവാരണം

ജില്ലാകളക്ടർ, വയനാട്

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

റവന്യൂ വകുപ്പ്

തദ്ദേശ സ്വയം ഭരണ വകുപ്പ്

പൊതുഭരണ(എസ്.സി) വകുപ്പ്

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ